എന്നുള്ളതാണ്. അതാണ് ഏറ്റവും കൂടുതൽ ദുരുപയോഗം ചെയ്യിട്ടുള്ളത്. മറ്റ് മൂന്ന് രീതിയിലും ഒരംഗത്തിനേയും ചേർത്തിട്ടില്ല. ഇവർ അംഗങ്ങളാണെന്ന് കാണിച്ച് ചില ട്രേഡ് യൂണിയൻ നേതാക്കൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗങ്ങളാക്കിക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. അത് തടയാൻ പരിശോധന വേണമെന്ന് പറയുമ്പോഴാണ് ഇക്കാര്യത്തിൽ പ്രശ്നങ്ങളുണ്ടാകുന്നത്. ഇപ്പോൾ നടക്കുന്ന സമരം അവസാനിപ്പിക്കേണ്ടതാണ്. ബഹുമാനപ്പെട്ട കെ. മുരളീധരൻ തന്നെ ഇക്കാര്യങ്ങൾ വിശദീകരിച്ച് അവരുടെ സമരം അവസാനിപ്പിക്കാൻ മുൻകയ്യെടുക്കണം. സർക്കാരിന്റെ ഭാഗത്തുനിന്നും ഇക്കാര്യങ്ങൾ വിശദീകരിക്കാൻ തയ്യാറാണ്. ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇതിന് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

2. കോമൺവെൽത്ത് വീവിംഗ് ഫാക്ടറി

10.57 AM]

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, കോഴിക്കോട് ജില്ലയിലെ കോമൺവെൽത്ത് വീവിംഗ് ഫാക്ടറി സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള ബിൽ ഈ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. പക്ഷേ ഇന്നുവരെ പ്രസിഡന്റിന്റെ അനുമതി വാങ്ങി ആ ബിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അത് നടപ്പിലാക്കണമെന്ന വിഷയമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്. 1844-ൽ ബാസൽ മിഷൻ തുടങ്ങിവച്ച ഒരു സ്ഥാപനമാണിത്. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്ന് അത് ബ്രിട്ടീഷുകാരുടെ കയ്യിലായി. 1970-ൽ ഫെറാ നിയമം വന്നതിനുശേഷം ആ ആകൃപ്രകാരം വിദേശികൾക്ക് സ്ഥാപനം നടത്തിക്കൊണ്ടുപോകാനുള്ള പ്രശ്നങ്ങൾ കാരണം ഇന്ത്യനൈസേഷൻ ചെയ്തു, ഒരു കാരണവശാലും ഈ സ്ഥാപനം നഷ്ടപ്പെട്ടുപോകാതിരിക്കാൻ മുൻകരുതലോടെ ഒരു സ്കീച്ചുണ്ടാക്കി. 1,25,000 ഷെയർ 10 രൂപ മുഖവിലയിൽ രൂപപ്പെടുത്തുകയും 30 ശതമാനം ഷെയർ കാനറാ ബാങ്കിനും 40 ശതമാനം ഷെയർ കോൺഫിഡൻഷ്യൽ സ്റ്റാഫിനും കൊടുത്താൽ ഇത് വിൽപ്പന നടത്താൻ കഴിയില്ല. അതുപോലെ ജോലിയിൽനിന്നും പിരിഞ്ഞാൽ ആ സ്ഥാനത്തുവരുന്ന വ്യക്തിക്ക് കൈമാറണം, 20 ശതമാനം ഷെയർ ജീവനക്കാരുടെ വെൽഫയർ ട്രസ്റ്റിനും 10 ശതമാനം ഷെയർ ഏജന്റ് ഡീലേഴ്സിനുമായി വിഭജിച്ചിരുന്നു. ഈ കാരണത്താൽ ഷെയർ പുറത്ത് വിൽപ്പന നടത്തുവാനും സ്വാർത്ഥ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനും കഴിയുമായിരുന്നില്ല. ഡയറക്ടർ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് മെമ്പർമാരായി ആരംഭകാലത്ത് സമൂഹത്തിലെ ഉന്നതരും സത്യസന്ധരും പദവികളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരുമായിരുന്നു. ഇവർതന്നെ മൂന്ന് വർഷം കഴിയുമ്പോൾ അക്ഷരമാലാക്രമത്തിൽ പിരിയുകയും ആ സ്ഥാനത്തേയ്ക്ക് അതേ മാർഗ്ഗത്തിൽ മറ്റ് വ്യക്തികൾ കടന്നുവരണമെന്നൊക്കെയാണ് തീരുമാനിച്ചത്.

11.00 AM]

പിന്നീട് വന്നവർ കെടുകാര്യസ്ഥതയിലൂടെ ഈ സ്ഥാപനത്തെ അടച്ചുപൂട്ടുന്ന നിലയിലേയ്ക്ക് എത്തിക്കുകയാണ് ചെയ്തത്. ഇത്തരം സാഹചര്യത്തിൽ അവിടത്തെ തൊഴിലാളികൾ ഈ സ്ഥാപനം നിലനിർത്താനുള്ള വമ്പിച്ച പ്രക്ഷോഭങ്ങളുമായി രംഗത്തുവന്നു. അതിന് നേതൃത്വം കൊടുത്തത് എ.ഐ.ടി.യു.സി.-യാണ്. അപ്പോൾ ഇന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി, ഇന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി, (അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ്) ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ രാഷ്ട്രീയ മുതലെടുപ്പ് ലാക്കാക്കിക്കൊണ്ട് ആ സമരമുഖത്ത് വരികയും ഗാന്ധിത്തൊപ്പി ധരിച്ചുകൊണ്ട് സത്യാഗ്രഹസമരങ്ങൾ ആരംഭിക്കുകയും ചെയ്തു. ആ സമയത്ത് അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റിൽ പ്രസ്തുത വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബഹുമാന്യനായ എളമരം കരീമിന്റെ നേതൃത്വത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവന്ന് പ്രസിഡന്റിന്റെ അനുമതിക്കുവേണ്ടി അയച്ചു. പക്ഷേ വളരെ പെട്ടെന്ന് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ വരാൻ പോകുന്ന നിയമസഭ ബിൽ ആക്കി അവതരിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് പ്രസിഡന്റ് തിരിച്ചയച്ചു. അതുകൊണ്ടുതന്നെ ഒരു ഹെറിറ്റേജ് ഇൻഡസ്ട്രി എന്നുള്ള നിലയ്ക്ക് നിലനിർത്തണമെന്ന കാഴ്ചപ്പാടോടുകൂടി എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ബിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. പിന്നീട് അധികാരത്തിൽവന്ന ഇന്നത്തെ ഗവൺമെന്റ് മുമ്പാകെ ഒട്ടേറെ പ്രക്ഷോഭങ്ങൾ നടത്തുകയും നിയമസഭയ്ക്കകത്തുതന്നെ ബഹുമാന്യനായ എ. പ്രദീപ് കുമാറും ഞാനുൾപ്പെടെയുള്ള എം.എൽ.എ.-മാർ സബ്മിഷനുകളൊക്കെ ഉന്നയിക്കുകയും ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി കൊണ്ടുവന്ന ബിൽ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. എന്നാൽ ഇന്നുവരെ ആ ബില്ലിന് അംഗീകാരം വാങ്ങിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം നമുക്ക് ലഭിച്ചിട്ടില്ല. ആഭ്യന്തരവകുപ്പിന്റെ കൈവശം ഇതുണ്ടായിരുന്നു. അതിന്റെ കോപ്പികൾ അനുബന്ധ മേഖലകളിലേയ്ക്ക് അയച്ചുവെങ്കിലും തുടർനടപടി ഇല്ലാത്തതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ സ്തംഭിച്ചുനിൽക്കുകയാണ്. കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (അക്വിസിഷൻ ആന്റ് ട്രാൻസ്ഫർ) അണ്ടർടേക്കിംഗ് ബിൽ 2012, ബിൽ

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ 128 ആയാണ് പാസ്സാക്കിയത്. ജി.എസ്.എസ്. 1442/2012 തീയതി 16-8-2012 കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചുകൊടുത്തു. ആഭ്യന്തര വകുപ്പ് ബില്ലിന്റെ കോപ്പി മറ്റ് വകുപ്പുകൾക്കുമയച്ചു. 12-7-2013-ന് ലേബർ മിനിസ്ട്രി ഇ.എസ്.ഐ./ഇ.പി.എഫ്. സംബന്ധിച്ച വിശദീകരണമാവശ്യപ്പെട്ടു. തൊഴിലാളികളുടെ വിഹിതം ആരടയ്ക്കണമെന്ന ചോദ്യമാണ് അവരുയർത്തിയത്. ആ ബില്ലിൽ ഇത് പരിപൂർണ്ണമായി രേഖപ്പെടുത്തിയതാണ്. കളം കഴിക്കുമ്പോൾ കുറ്റിയുണ്ടാകുമോ എന്ന് ചോദിക്കാറുണ്ടോ ; കളം കഴിച്ചാൽ അതുമായി ബന്ധപ്പെട്ട് അവിടത്തെ മണ്ണ് മുഴുവൻ നീക്കുകയല്ലേ ചെയ്യുന്നത് ? ഈ ബില്ലിൽ സൂക്ഷ്മമായി തൊഴിലാളികളുടെ വേതനങ്ങൾ, അതുമായി ബന്ധപ്പെട്ട ബാദ്ധ്യതകൾ, ഇലക്ട്രിസിറ്റി ബില്ലിന്റെ ബാദ്ധ്യതകൾ എല്ലാം ഗവൺമെന്റ് ഏറ്റെടുത്തതായി പ്രഖ്യാപിച്ചതാണ്. പക്ഷേ അതെല്ലാം ഇത്തരം നൂലാമാലകളിൽ കുടുങ്ങിനിൽക്കുകയാണ്. ആ ബില്ലിൽ വ്യക്തമായ സൂചനയുണ്ട്. മാർക്കറ്റ് റേറ്റിലാണ് ഭൂമി എറ്റെടുക്കുക എന്നാണ് ബില്ലിലുണ്ടായിരുന്നത്. അതിനുശേഷവും മാനേജ്മെന്റ് പല രീതിയിൽ ഭൂമി കൈമാറുകയാണ്. കുഴകന്റെ കണ്ണോട്ടക്കുടിയാണ് അവർ നോക്കുന്നത്. വാസ്തവത്തിൽ ലോകത്തിലെ മുതലാളിത്തരാജ്യങ്ങളിൽപോലും അത് കാണാം. ചരിത്രസ്മാരകങ്ങൾ നിലനിർത്തുന്നതിന് അവർ കാണിക്കുന്ന വ്യഗ്രത, കേരളത്തിന്റെ, മലബാറിന്റെ ഒരു ചരിത്രസ്മാരകമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള സ്മാരകം ഒരു ഹെറിറ്റേജ് ഇൻഡസ്ട്രിയായി നിലനിർത്തേണ്ടത് ഈ സമൂഹത്തിന്റെ ബാദ്ധ്യതയാണെന്ന നിലയ്ക്കാണ് ആ ബിൽ നിയമസഭ പാസ്സാക്കിയത്. പാസ്സാക്കിയ ബില്ലിലെ വരികൾ കണ്ടുകൊണ്ട് മാർക്കറ്റ് റേറ്റ് ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റം നടത്തുകയാണ്, എന്നുപറഞ്ഞാൽ ഒന്നുകിൽ ആ മാർക്കറ്റ് റേറ്റ് ഞങ്ങൾക്ക് ലഭിക്കും, അതല്ലെങ്കിൽ ഈ ബിൽ നടപ്പിലാകാതെ പോയാൽ അതിന്റെ ഉടമസ്ഥാവകാശം ഞങ്ങൾക്ക് ലഭിക്കും. വില കൽപ്പിക്കാൻ കഴിയാത്ത കോടാനുകോടിരൂപയുടെ ആസ്തിയാണത്. ചരിത്രമുറങ്ങിക്കിടക്കുന്ന കോഴിക്കോട് നഗരത്തിൽ മാനാഞ്ചിറയോടൊപ്പം ചേർന്നുകൊണ്ടാണ് ഈ ഇൻഡസ്ട്രി നിലനിൽക്കുന്നത്. അതൊരു ചരിത്രത്തിന്റെ ഭാഗമായ ഹെറിറ്റേജ് ഇൻഡസ്ട്രിയാക്കി മാറ്റുക എന്ന ലക്ഷ്യമായിരുന്നു സഭയ്ക്കുണ്ടായിരുന്നത്. ആ നിലയ്ക്ക് ഈ സ്ഥാപനത്തെ നല്ല രീതിയിൽ കൊണ്ടുപോകാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇതിന്റെ നൂലാമാലകൾ പരിശോധിച്ച് തീർപ്പാക്കണം. ഡൽഹിയിൽ ഇക്കാര്യം കൈകാര്യം ചെയ്യാനുള്ള ഉദ്യോഗസ്ഥരുണ്ട്. അവർക്കെന്താണ് പണി ; ഇത് പരിഹരിക്കാനുള്ള നിലപാടുകളിലേയ്ക്കല്ലേ പോകേണ്ടത് ; റസിഡന്റ് കമ്മീഷണർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെയുള്ള ആളുകൾക്ക് എന്താണ് പണി ; ഒരു മേശപ്പുറത്തുനിന്നും അപ്പുറത്തെ മേശപ്പുറത്തേക്ക് ഇത് മാറ്റിക്കൊണ്ടുപോകാൻപോലും നമുക്ക് കഴിയുന്നില്ല. യുദ്ധകാലാടിസ്ഥാനത്തിൽ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി ഈ സ്ഥാപനത്തെ സംരക്ഷിക്കാനുള്ള പരിശ്രമം നമ്മൾ നടത്തണം. ഇതിനെല്ലാവരും പങ്കാളികളാണ്. ഞാൻ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, മറ്റ് മന്ത്രിമാരെല്ലാവരും ഈ പ്രക്ഷോഭത്തിൽ അണിനിരന്നവരാണ്. അതുകൊണ്ട് സാമൂഹ്യപ്രതിബദ്ധതയോടുകൂടി ഈ നാടിനുവേണ്ടി പാസ്സാക്കിയ ബിൽ നടപ്പാക്കാനുള്ള ജാഗ്രത ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. തൊഴിലാളികൾക്ക് മാസംതോറും 5,000 രൂപ കെ.എസ്.ഐ.ഡി.സി. നൽകണമെന്ന് ഈ ബില്ലുമായി ബന്ധപ്പെട്ടുത്തി തീരുമാനിച്ചതാണ്. മന്ത്രിസഭായോഗം അക്കാര്യം തീരുമാനിച്ചുവെങ്കിലും തൊഴിലാളികൾക്ക് അത് ലഭിക്കുന്നില്ല. അവിടത്തെ തൊഴിലാളികൾ വലിയ പ്രക്ഷോഭത്തിലാണ്. ഇന്നലെ അവിടെ സി.പി.ഐ.-യുടെ നേതൃത്വത്തിൽ 48 മണിക്കൂർ രാപ്പകൽ സമരം ആരംഭിച്ചിരിക്കുകയാണ്. ആയിരക്കണക്കിനാളുകൾ സമൂഹത്തിന്റെ വിവിധ മേഖലകളിൽനിന്ന് ആ സമരപ്പന്തലിലേക്ക് വരികയാണ്. കോഴിക്കോട് നഗരത്തിൽ ചരിത്രമുറങ്ങിക്കിടക്കുന്ന ആ സ്ഥാപനത്തിന്റെ നിലനില്പിന് ഞങ്ങളുടെ പിന്തുണയുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ തീർച്ചയായും നിയമസഭ പാസ്സാക്കിയ ബിൽ നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് അനുകൂലമായ നിലപാടെടുത്ത് പ്രസ്തുത ബിൽ നടപ്പിലാക്കുവാനുള്ള തീരുമാനമുണ്ടാകണമെന്ന് ശ്രദ്ധ ക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോടും കേരളാ ഗവൺമെന്റിനോടും ഞാൻ ആവശ്യപ്പെടുകയാണ്.

11.05 AM]

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇ. കെ. വിജയൻ പറഞ്ഞകാര്യത്തിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. കേരളാ ഗവൺമെന്റ് ഇതുസംബന്ധിച്ച് ഒന്നും ചെയ്യാൻ ബാക്കിയില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ഓർഡിനൻസ് ഐകകണ്ഠ്യേന ബില്ലായി പാസ്സാക്കി അയച്ചുകൊടുത്തു. നിയമസഭ പാസ്സാക്കണമെന്നാണ് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടത്. അതൊക്കെ കഴിഞ്ഞുവെങ്കിലും ഇതുവരെ ബില്ലിന് പ്രസിഡന്റിന്റെ അസെന്റോടുകൂടിയ അംഗീകാരം കിട്ടിയിട്ടില്ല. അതാണ് അതുസംബന്ധിച്ചുള്ളകാര്യം. അംഗീകാരം കിട്ടും. വേറെ

പ്രശ്നങ്ങളൊന്നുമില്ല. കറന്റ്സ്പോണ്ടൻസുണ്ട്. ഏറ്റവും ലേറ്റസ്റ്റ് ആയിട്ടുള്ള കറന്റ്സ്പോണ്ടൻസ് അനുകൂലമായിട്ടാണ് വന്നിരിക്കുന്നത്. അദ്ദേഹം പറഞ്ഞതുപോലെ ഒന്നുകൂടി കാര്യക്ഷമമായി ഫോളോ അപ്പ് ചെയ്യേണ്ടതുണ്ട് ; അക്കാര്യം ഉടനെ ചെയ്യാം. തൊഴിലാളികൾക്ക് പ്രതിമാസം 5,000 രൂപവച്ച് കൊടുക്കാമെന്ന് ക്യാബിനറ്റ് തീരുമാനിച്ചതാണ്. ക്യാബിനറ്റ് തീരുമാനിക്കുകയും കെ.എസ്.ഐ.ഡി.സി.യോട് കൊടുക്കാൻ പറയുകയും ചെയ്തു. അത് ലഭിക്കുന്നില്ലെന്ന് പറഞ്ഞു. അതും സിസ്റ്റമാറ്റിക്കായി, മുടക്കവും കൂടാതെ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാം. അവിടെയുള്ള തൊഴിലാളികൾക്ക് വി.ആർ.എസ്. കൊടുക്കുകയും അവരുടെ ആനുകൂല്യങ്ങൾ മുഴുവൻ കൊടുത്തുതീർക്കുകയും ചെയ്തു. അക്കാര്യത്തിൽ പെൻഡിംഗില്ല. കെട്ടിടം ഒരു ഹിസ്റ്റോറിക്കൽ മ്യൂസിയമായി നിലനിർത്തുക എന്നുള്ളത് തീരുമാനിച്ചതാണ്. ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് അതിനനുകൂലമായ മറുപടി നൽകിയിട്ടുണ്ട്. വലിയ ചരിത്രമുള്ള ഒരു കെട്ടിടമാണത്. പഴയ നിർമ്മാണ രൂപത്തിലുണ്ടാക്കിയതും 150 വർഷത്തെ ചരിത്രവുമുണ്ട്. യാതൊരുവിധ കൊമേഴ്യൽ ആവശ്യത്തിനും കൊടുക്കാതെ മ്യൂസിയമായി നിലനിർത്തുക എന്നുള്ള കാര്യത്തിൽ തീരുമാനമായിക്കഴിഞ്ഞതാണ്. പക്ഷേ നടപ്പിലാക്കാനുള്ള കാലതാമസമുണ്ട്. തീർച്ചയായും ഗവൺമെന്റ് അതിലിടപെട്ട് ഉടൻതന്നെ നടപ്പിലാക്കുന്നതാണ്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ എത്രയുംവേഗം വിതരണം ചെയ്യുമെന്നാണ് ഇക്കാര്യത്തിൽ പറയാനുള്ളത്.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ഡൽഹിയിൽ പ്രധാനപ്പെട്ട ഒരുദ്യോഗസ്ഥനെ ഇക്കാര്യത്തിനായി ചുമതലപ്പെടുത്തിയില്ലെങ്കിൽ ഈ പറയുന്ന തടസ്സങ്ങൾ ഇനിയും വരുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോഴും ഫയൽ ലേബർ വകുപ്പിൽ കിടക്കുകയാണ്. അവിടെനിന്ന് ഇങ്ങോട്ടേയ്ക്ക് മാറ്റാനാവശ്യമായ നടപടി സ്വീകരിക്കണം. തൊഴിലാളികളാണ് ഇക്കാര്യം അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. സമരവുമായി ബന്ധപ്പെട്ട് തൊഴിലാളി നേതാക്കളാണ് പോകുന്നത്. രണ്ടാമതായി, തൊഴിലാളികളോട് ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ ആവശ്യപ്പെട്ടിരുന്നു. അവർ അത് ആരംഭിച്ചുകഴിഞ്ഞു. കൂലിക്കൂടുതലിന് വേണ്ടിയല്ല തൊഴിലാളികൾ സമരം നടത്തിയത്. ഈ സ്ഥാപനം നിലനിർത്താനുള്ള സമരത്തിലാണ് 14 വർഷമായി അവിടെയുള്ള തൊഴിലാളികൾ. അതോടൊപ്പമാണ് അവിടത്തെ ജനസമൂഹവും നിൽക്കുന്നത്. അവർ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പണം നൽകാനുള്ള സമീപനംകൂടി കൈക്കൊള്ളുകയും ഇതിന് ഡൽഹിയിൽ പ്രത്യേക ചുമതല നൽകി കാര്യങ്ങൾ കൊണ്ടുവരാനുള്ള സമീപനവുമുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : രണ്ടുകാര്യങ്ങളും ചെയ്യാം. ഒന്ന്, കെ.എസ്.ഐ.ഡി.സി.-യിൽനിന്ന് പൈസ കൊടുക്കുന്നത് റെഗുലൈറസ് ചെയ്യണമെന്നുണ്ട്. തൊഴിലാളികൾക്ക് പണം കൊടുക്കുന്നതിൽ വരുന്ന കാലതാമസവും അതിന്റെ പ്രശ്നങ്ങളുമെന്താണെന്ന് വിശദമായി ഒന്നുകൂടി പരിശോധിച്ചതിനുശേഷം വേണ്ട നടപടി സ്വീകരിക്കാം. രണ്ടാമതായി ഇക്കാര്യം ഡൽഹിയിൽ ഫോളോ അപ് ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും സമർത്ഥനായ ഉദ്യോഗസ്ഥനെ ഏർപ്പാട് ചെയ്യാം.

VII സബ്മിഷൻ

1. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത

11.09 AM]

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, വില്ലേജ് ഓഫീസുകളിലുള്ള ക്ലാസ്സ്-III വിഭാഗത്തിൽപ്പെട്ട തസ്തികയാണ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്. വില്ലേജ് ഓഫീസറെ കൂടാതെ നിലവിലുള്ള നാല് തസ്തികകളിൽ രണ്ടുപേർ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരാണ്. വില്ലേജോഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് 8, 9 ശമ്പള കമ്മീഷനുകൾ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് കരം രസീത് എഴുതുന്നതുൾപ്പടെയുള്ള അധികാരങ്ങൾ നിർണ്ണയിച്ച് നൽകണമെന്ന് ശിപാർശ ചെയ്യുകയുണ്ടായി. എന്നാൽ നാളിതുവരെ ഈ നിർദ്ദേശം നടപ്പിലാക്കപ്പെട്ടിട്ടില്ല. ഇതുമൂലം വില്ലേജ് ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾ യഥാസമയം സേവനം ലഭിക്കാതെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. 8, 9 ശമ്പള കമ്മീഷൻ ശിപാർശ കണക്കിലെടുത്ത് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നതിന്റെ ഭാഗമായി വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ യോഗ്യത എസ്.എസ്.എൽ.സി. പാസ്സ് ആക്കി ഉയർത്തി എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കുന്നതിന് റവന്യൂ (റ്റി) വകുപ്പ് തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും അംഗീകാരം നൽകുകയും ചെയ്തുപ്രകാരം നടപടിക്രമം പൂർത്തീകരിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായാൻ കത്ത് നൽകുകയും ചെയ്തു. തുടർന്ന് ഇതിനായി ഇറക്കാനിരിക്കുന്ന ഉത്തരവിന്റെ പകർപ്പ് സർക്കാരിനോട് പി.എസ്.സി. ആവശ്യപ്പെട്ടതിൻപ്രകാരം റവന്യൂ വകുപ്പ് തയ്യാറാക്കിയ എക്സിക്യൂട്ടീവ് ഉത്തരവിന്റെ കരട് രണ്ട് തവണ ഫിനാൻസ് വകുപ്പിലേയ്ക്ക് അയയ്ക്കുകയും രണ്ടുതവണയും ഫിനാൻസ് വകുപ്പ് അംഗീകാരം നൽകി റവന്യൂ വകുപ്പിലേയ്ക്ക് തിരികെ നൽകിയിട്ടുള്ളതുമാണ്.